കേരള സർക്കാർ

<u>സംഗ്രഹം</u>

ആരോഗ്യ വകുപ്പ് - പ്ലാൻ ഫണ്ട് 2023-24 - പത്തനംതിട്ട ജില്ലയിലെ കോന്നി നിയോജക മണ്ഡലത്തിലെ ചിറ്റാർ -യിൽ ഒരു പുതിയ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി (ഒന്നാം ഘട്ടം) നിർമ്മാണം - ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആരോഗ്യ കുടുംബക്ഷേമ (പി) വകുപ്പ്

**G.O.(Rt)729/2024/H&FWD** **Dated,12/03/2024**

---

എ.എസ് നമ്പർ : AS/MED/23/33741 കാലാവധി : 11/03/2027

പരാമർശം:- 1. സ.ഉ.(സാധാ)നം.3457/2020/ധന തീയതി 09.06.2020

2. പൊതുമരാമത്ത് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറുടെ 29.11.2023 തീയതിയിലെ CE/BL/PL1/PTA/22821/2022_5_1_1 നമ്പർ കത്ത്

3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 26.12.2023 തീയതിയിലെ പി.എൽ.എ.1-10952/2023/ആവഡ എന്ന നമ്പർ കത്ത്

<u>ഉത്തരവ്</u>

മേൽ പരാമർശം 1-ലെ ഉത്തരവ് പ്രകാരം 2020-2021 സാമ്പത്തിക വർഷത്തിലെ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II , വാല്യം II പേജ് നം -127, ക്രമ നം- 2207 -ൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, റാന്നി -യുടെ ഒന്നാം ഘട്ടം നിർമ്മിക്കുന്നതിനായി അനുവദിച്ച അടങ്കൽ തുക 700 ലക്ഷം രൂപ ആക്കി ഉത്തരവിറക്കിയിരുന്നു. മേൽ പരാമർശം 3-ലെ കത്ത് പ്രകാരം പത്തനംതിട്ട ജില്ലയിൽ (കോന്നി നിയോജക മണ്ഡലം) പുതുതായി ഒരു സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി നിർമ്മിക്കുന്നതിനായി, അഞ്ചു നില കെട്ടിടത്തിന്റെ (Basement + Ground + 3) ആദ്യ ഘട്ട (PHASE I) നിർമ്മാണത്തിനായി, പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ വിശദമായ പ്ലാനും എസ്റ്റിമേറ്റും ആരോഗ്യ വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തു ലഭ്യമാക്കിയിരുന്നു.

**2.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പത്തനംതിട്ട ജില്ലയിലെ (കോന്നി നിയോജക മണ്ഡലം) ചിറ്റാർ -യിൽ ഒരു പുതിയ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി (ഒന്നാം ഘട്ടം) നിർമ്മിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ

AS/MED/23/33741

പ്രസ്തുത പ്രവൃത്തിയ്ക്കായി '4210-01-110-66- സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള ആശുപത്രികൾ (PV)–01 മരാമത്ത് പണികൾ' എന്ന ശീർഷകത്തിൽ നിന്നും 7 കോടി രൂപയുടെ (ഏഴ് കോടി രൂപ മാത്രം) (ജി.എസ്.ടി. ഉൾപ്പെടെ) ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

<u>പ്രവർത്തിയുടെ പേര് / നിർദേശങ്ങൾ</u>

| ക്രമ നമ്പർ | പ്രവർത്തികൾ | തുക (രൂപയിൽ ) |
|---|---|---|
| 1 | പത്തനംതിട്ട ജില്ലയിലെ കോന്നി നിയോജക മണ്ഡലത്തിലെ ചിറ്റാർ - യിൽ ഒരു പുതിയ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി (ഒന്നാം ഘട്ടം) നിർമ്മാണം | 7,00,00,000 |
| ആകെ (ഏഴ് കോടി രൂപ) | | **7,00,00,000** |

**3.** എല്ലാ വാങ്ങലുകളും സ്റ്റോറുകൾ വാങ്ങൽ നിയമങ്ങൾ കർശനമായി പാലിക്കുന്നതിന് വിധേയമായിരിക്കും.

ഗവർണറുടെ ഉത്തരവിൻ പ്രകാരം ,
**Additional Secretary**
Health and Family Welfare

To
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ), കേരളം, തിരുവനന്തപുരം
ധനകാര്യ വകുപ്പ് ((E.2656761): HLT–A1/1/2024–FIN തീയതി 24.02.2024 പ്രകാരം)
വിവരപൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

പകർപ്പ് : ആരോഗ്യ വകുപ്പ് മന്ത്രിയുടെ പി.എസ്.
ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.

AS/MED/23/33741

ഓർഡർ പ്രകാരം

കൈമാറി,

Digitally signed by SUBHASH R
Date:2024.03.12 12:55:06 +05:30

AS/MED/23/33741